പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2566

19.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതിയുടെ ഘടകങ്ങൾ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) സീപ്ലെയിൻ പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) ഫ്ലോട്ടിംഗ് ജെട്ടികൾ, സുരക്ഷാ പരിശോധനയ്ക്കുള്ള ഹൗസ് ബോട്ടുകൾ, മാർക്കിംഗ് ബോയ്സ്, മോട്ടോർ ബോട്ടുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളാണ് കേരള സർക്കാർ ഒരുക്കിയിരിക്കുന്ന ഘടകങ്ങൾ. ഈ പദ്ധതിയിൽ ജലവിമാന സർവ്വീസുകൾ നടത്തുന്നത് സ്വകാര്യ ഏജൻസികൾ ആയിരിക്കും. |
| ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) ജല വിമാന പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് മാത്രമാണ് സർക്കാരിന്റെ ചുമതല. ജലവിമാന സർവ്വീസ് നടത്തുന്നത് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.) ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്) മുതലായവയുടെ അനുമതി ലഭിച്ച സ്വകാര്യ ഏജൻസികൾ ആണ്. |
| സി) കായൽ നികത്തി റൺ വേ നിർമ്മിക്കുന്നത് വഴിയുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) സീപ്ലെയിൻ പദ്ധതിയുടെ ഭാഗമായി കായൽ നികത്തൽ ഉൾ പ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നില്ല. |
| ഡി) പദ്ധതി നടപ്പാക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷ അപകടത്തിലാവുമെന്ന മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളുടെ ആശങ്ക യാഥാർത്ഥ്യബോധത്തോടു കൂടിയുള്ളതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സിന്റെ സാധ്യതാ പഠന റിപ്പോർട്ടനുസരിച്ച് ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ആയതിനാൽ പ്രത്യേക പഠനം നടത്തിയിട്ടില്ല. എങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനായി പട്ടികജാതി, പിന്നോക്ക ക്ഷേമ, ടൂറിസം വകുപ്പ് മന്ത്രി, തുറമുഖ എക്സൈസ്, ഫിഷറീസ് |

വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 22.5.2013 ന് ഒരു യോഗം ചേരുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ